# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.452

## 29-11-2018 ൽ മറുപടിക്ക്

## പണ്ടാരപറമ്പ ഉണ്ടോടിക്കടവ് ബൈപാസ് റോഡ്

| ചോദ്യം<br>ശ്രീ. പി.ടി.എ റഹീം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിന് പ്രഖ്യാപിച്ച പണ്ടാരപറമ്പ ഉണ്ടോടിക്കടവ് ബൈപാസ് ഉപയോഗപ്രദമാവുന്നതിന്, ആയതിന്റെ പേര് പണ്ടാരപറമ്പ പടനിലം ബൈപാസ് എന്നാക്കുന്നത് സംബന്ധിച്ച് റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച പ്രൊപോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br>(ബി) ഇത് സംബന്ധിച്ച് ധനകാര്യ ഇൻഫ്ര 3/47/2017 ഫയലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ പ്രഖ്യാപിച്ച പണ്ടാരപറമ്പ ഉണ്ടോടിക്കടവ് ബൈപ്പാസ് ഉപയോഗപ്രദമാവുന്നതിന്, ആയതിന്റെ പേര് പണ്ടാരപറമ്പ പടനിലം ബൈപ്പാസ് എന്നാക്കുന്നത് സംബന്ധിച്ച് റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച ശുപാർശ കിഫ്ബിയും ധനകാര്യ (ഇൻഫ്രാസ്ട്രക്ച്ചർ) വകുപ്പും വിശദമായി പരിശോധിക്കുകയും, പ്രസ്തുത ശുപാർശ പ്രാവർത്തികമാക്കിയാൽ പ്രഖ്യാപിത പദ്ധതിയുടെ വ്യാപ്തി മാറുന്നതായി ശ്രദ്ധയിൽ പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖ (ഡി പി ആർ) ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. വിശദമായ പദ്ധതി രേഖ അവലോകനം ചെയ്യാതെ നിർദിഷ്ട പദ്ധതി ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ പുതിയതായി നിർദ്ദേശിച്ച ഭേദഗതി ഗുണകരമാണോ എന്ന് അനുമാനിക്കാൻ കഴിയുകയില്ലെന്നും, ഈ സാഹചര്യത്തിൽ പ്രസ്തുത ഭേദഗതി ആവശ്യമാണെന്ന് ബന്ധപ്പെട്ട ഭരണ വകുപ്പ് കരുതുന്ന പക്ഷം G.O. (Ms) No.69/2018/Fin Dated 24-02-2018 എന്ന ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പുതുക്കിയ ഭരണാനുമതി ബഹു. മന്ത്രിസഭയുടെ അംഗീകാരത്തോടെ പുറപ്പെടുവിക്കാവുന്നതാണെന്നും ധനകാര്യ ഇൻഫ്ര 3/47/2017 എന്ന ഫയലിൽ ഭരണവകുപ്പിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ